പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1417** — **08.02.2013-ൽ മറുപടിക്ക്**

# ഫെറിമാൻ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. യു. കുരുവിള : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഒഴിവുള്ള ഫെറിമാൻ തസ്തികകൾ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് ഒഴിവുള്ള ഫെറിമാൻ തസ്തികകൾ 29 എണ്ണം ആണ്.<br>തിരുവനന്തപുരം - 7<br>കൊല്ലം - 8<br>ആലപ്പുഴ - 10<br>കോട്ടയം - 3<br>ഇടുക്കി - 1 |
| (ബി) ഏതെങ്കിലും ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷമായി ഫെറിമാൻ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളാണ് ; | (ബി) ഉണ്ട്.<br>കൊല്ലം ഒഴികെയുള്ള ജില്ലകളിൽ കഴിഞ്ഞ അഞ്ചു വർഷമായി ഫെറിമാൻ തസ്തികയിൽ പൊതുമരാമത്ത് വകുപ്പിൽ നിയമനം നടന്നിട്ടില്ല. |
| (സി) ഒഴിവുള്ള ഫെറിമാൻ തസ്തിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നികത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (സി) കടത്തു നടത്താനുള്ള അധികാരം 1995-ലെ പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. ആയതിനാൽ പുതിയ കടത്തുകാരെ നിയമിക്കേണ്ടതും അവരുടെ ശമ്പളം നൽകേണ്ടതും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. |
| (ഡി) പൊതുമരാമത്ത് വകുപ്പിലല്ലാതെ ഫെറിമാൻ തസ്തിക മറ്റേതെങ്കിലും വകുപ്പ് കൈകാര്യം ചെയ്യുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ഡി) ഉണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ഫെറിമാൻ തസ്തിക കൈകാര്യം ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഫെറിമാൻ തസ്തികയിലെ മുഴുവൻ ഒഴിവുകളും അടിയന്തിരമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഇ) | തദ്ദേശസ്വയം ഭരണ വകുപ്പാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത്. |
| (എഫ്) | ഒഴിവുള്ള ഫെറിമാൻ തസ്തികകൾ നികത്തുന്നതിൽ എന്തെങ്കിലും നിയമ തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എഫ്) & (ജി) | കടത്തു നടത്താനുള്ള അധികാരം 1995-ലെ പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. ആയതിനാൽ പുതിയ കടത്തുകാരെ നിയമിക്കേണ്ടതും അവരുടെ ശമ്പളം നൽകേണ്ടതും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. |
| (ജി) | പ്രസ്തുത ഒഴിവുകൾ 2013 മാർച്ച് 31-നുമുമ്പ് നികത്തുന്നതിന് നിർദ്ദേശം നൽകുമോ ? | | |

Sobha

**സെക്ഷൻ ഓഫീസർ**